ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എ. പി. അബ്ദുള്ളക്കുട്ടിയുടെ ആവശ്യം ഒട്ടും ന്യായമല്ലെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് രാത്രികാലം മുഴുവൻ മൈക്ക് വച്ച് പ്രവർത്തിപ്പിച്ച് കുട്ടികൾക്ക് പഠിക്കാൻ നിവൃത്തിയില്ലാതെ ആളുകൾ ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. അതുകൊണ്ടാണ് യാതൊരുവിധത്തിലും അംഗീകരിക്കാൻ കഴിയുന്ന ആവശ്യമല്ലെന്ന് പറഞ്ഞത്. കേന്ദ്ര സർക്കാരിന്റെ നോയിസ് പൊല്യൂഷൻ (റെഗുലേഷൻ ആന്റ് കൺട്രോൾ) റൂൾസ് 2000 പ്രകാരം രാത്രി 10 മണി മുതൽ 6 മണി വരെ അടച്ചുകെട്ടിയിട്ടുള്ള ഓഡിറ്റോറിയം, കോൺഫറൻസ് മുറികൾ, കമ്മ്യൂണിറ്റി ഹാൾ, സദ്യാലയങ്ങൾ എന്നിവയൊഴികെ മറ്റൊരിടത്തും ഉച്ചഭാഷിണികൾ പ്രവർത്തിക്കാൻ പാടുള്ളതല്ല. ബഹുമാനപ്പെട്ട ഹൈക്കോടതി WP(C) 2011-12-ലെ വിധി ന്യായത്തിൽ നോയിസ് പൊല്യൂഷൻ (റെഗുലേഷൻസ് ആന്റ് കൺട്രോൾ) റൂൾസ് 2000-ലെ വ്യവസ്ഥയനുസരിച്ച് നടപടി സ്വീകരിക്കാൻ സർക്കാരിന് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുള്ളതാണ്. രാത്രികാലങ്ങളിൽ ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനെതിരെ പൊതുജനങ്ങളിൽനിന്ന് പ്രത്യേകിച്ച് വിദ്യാർത്ഥികളിൽനിന്ന് ധാരാളം പരാതികൾ പോലീസിന് ലഭിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാത്ത രീതിയിൽ മാത്രമേ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഉച്ചഭാഷിണി പ്രവർത്തിപ്പിക്കാൻ അനുവദിക്കാവൂവെന്ന കേന്ദ്ര നിയമവും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയും കൃത്യമായി നടപ്പിലാക്കിയാണ് പോലീസ് പ്രവർത്തിക്കുന്നത്. ഏതെങ്കിലും വിഭാഗത്തിന് ബുദ്ധിമുട്ട് ഉണ്ടാകുന്ന വിധത്തിൽ പക്ഷപാതപരമായി പോലീസ് തീരുമാനങ്ങൾ കൈക്കൊള്ളുന്നില്ല. പക്ഷേ, രാത്രി കാലങ്ങളിൽ അനിയന്ത്രിതമായി മൈക്കുകൾ വച്ച് പ്രവർത്തിപ്പിക്കുന്നതിനോട് സർക്കാരിന് യോജിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് കേന്ദ്ര നിയമത്തിന്റെയും ഹൈക്കോടതി നിയമത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമെ മൈക്കുകൾക്ക് അനുവാദം കൊടുക്കുകയുള്ളുവെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്. ഇക്കാര്യത്തിൽ യാതൊരു മാറ്റവും വരുത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല.

7. അദ്ധ്യാപക നിയമനം

ശ്രീ. ജോസഫ് വാഴയ്ക്കൻ : സർ, 2013-2014-ൽ ആർ.എം.എസ്.എ. (Rashtriya Madhyamik Shiksha Abhiyan) പദ്ധതിപ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ അദ്ധ്യാപക നിയമനവും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 2013-14-ലെ ആർ.എം.എസ്.എ.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയിൽ കേരളത്തിലനുവദിച്ച നിരവധി സ്കൂളുകൾക്ക് സ്വന്തമായി അദ്ധ്യാപകരോ ഹെഡ്മാസ്റ്ററോ ക്ലാസ് മുറികളോ ഓഫീസ് മുറികളോ ഇല്ലാത്ത അവസ്ഥയാണിന്നുള്ളത്. ചില സ്ഥലങ്ങളിൽ താൽക്കാലിക അദ്ധ്യാപകരെപ്പോലും നിയമിക്കാതെ തൊട്ടടുത്ത ഗവൺമെന്റ് സ്കൂളുകളിൽനിന്നും വർക്കിംഗ് അറേഞ്ച്മെന്റിൽ അദ്ധ്യാപകരെ നിയമിച്ചത് ആ ഗവൺമെന്റ് സ്കൂളുകളുടെയും പ്രവർത്തനത്തെ ഏതാണ്ട് സാരമായി ബാധിച്ചിരിക്കുകയാണ്. പി.റ്റി.എ. നിയോഗിച്ച അദ്ധ്യാപകർ വേതനമൊന്നും വാങ്ങാതെ ക്ലാസ് എടുക്കുന്നതുകൊണ്ടാണ് ഇന്ന് പല സ്കൂളുകളും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. 2010-ൽ ആർ.എം.എസ്.എ.-യിൽ അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾക്ക് കെട്ടിടമോ ലാബുകളോ ലൈബ്രറികളോ ടോയ്ലെറ്റ് സൗകര്യങ്ങളോ ഇല്ലാതെ വിഷമിക്കുകയാണ്. ആർ.എം.എസ്.എ. വിഹിതമായി കേന്ദ്രത്തിൽനിന്നും പര്യാപ്തമായ ധനസഹായം ലഭിക്കുന്നില്ല. ആകെ നാലോ അഞ്ചോ അദ്ധ്യാപകരെ മാത്രമാണ് നിയമിക്കാൻ കഴിയുന്നതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഏതായാലും ഈ സ്കൂളുകൾ ആരംഭിച്ചുകഴിഞ്ഞു ; അവിടെ കുട്ടികളുമുണ്ട്. ആ സ്കൂളുകൾ നല്ല രീതിയിൽ പ്രവർത്തിപ്പിക്കാനാവശ്യമായ ഇൻഫ്രാസ്ട്രക്ചറും അദ്ധ്യാപകരുമുൾപ്പെടെ എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്താൻ ഗവൺമെന്റ് പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>) : സർ, ബഹുമാനപ്പെട്ട അംഗം ഇടുക്കി ജില്ലയിലെ കാര്യങ്ങൾമാത്രം ഉന്നയിച്ചുകൊണ്ടാണ് സബ്മിഷൻ തന്നതെങ്കിലും പൊതുവായ കാര്യമായതുകൊണ്ട് ഞാൻ പറയുകയാണ്. നമ്മുടെ സംസ്ഥാനത്ത് അറുപത് സ്കൂൾ, മുപ്പത്തിയാറ് സ്കൂൾ, പതിനാറ് സ്കൂൾ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായി നൂറ്റി പന്ത്രണ്ട് സ്കൂളുകളാണ് നേരത്തെ ആർ.എം.എസ്.എ. പദ്ധതിയിൽ അപ്ഗ്രേഡ് ചെയ്തിരുന്നത്. 8, 9, 10 ക്ലാസ്സുകൾക്കായി ബിൽഡിംഗ് കൺസ്ട്രക്ഷനുവേണ്ടി മാത്രമുള്ള പണവും അതോടൊപ്പം അഞ്ച് അദ്ധ്യാപകരുടെ ശമ്പളവുമാണ് ആർ.എം.എസ്.എ. പദ്ധതിപ്രകാരം ലഭിക്കുന്നത്. ഇവിടത്തെ റേറ്റ് അനുസരിച്ച് ബിൽഡിംഗ് കൺസ്ട്രക്ഷനുള്ള പണം (പത്ത് ക്ലാസ്സ്റൂമുകളുണ്ടാക്കാൻ) തികയാത്തതുകൊണ്ട് പല സമയത്തും ജില്ലാ പഞ്ചായത്തിനാണ് ആ പണം കൊടുത്തിരുന്നത്. അവർക്ക് കെട്ടിടമുണ്ടാക്കാൻ കഴിഞ്ഞില്ല. അതിനുശേഷം കേന്ദ്രഗവൺമെന്റുതന്നെ അതിൽ മാറ്റം വരുത്തി ഏഴ് ക്ലാസ് റൂം ആക്കി. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ അവകാശ നിയമം വന്നപ്പോൾ എട്ടാം ക്ലാസ് യു.പി. സ്കൂളിന്റെ ഭാഗമായി. ഹൈസ്കൂൾ എന്നുപറയുന്നത് ഒമ്പതും പത്തും ക്ലാസുകൾ മാത്രമായി. അപ്പോൾ ആർ.എം.എസ്.എ.-യിൽ ഒമ്പതും

LIBRARY ARCHIVES Kerala Legislative Assembly

പത്തും ക്ലാസുകൾക്കുവേണ്ടിയുള്ള പണവും അതിനുള്ള അദ്ധ്യാപകരേയും മാത്രമേ കേന്ദ്രഗവൺമെന്റ് അനുവദിക്കുകയുള്ളൂ. കേരളത്തിലെ യു. പി. സ്കൂളുകളെല്ലാം ഏഴാം ക്ലാസുവരെ മാത്രമേയുള്ളൂ. അതുകൊണ്ട് എട്ടാം ക്ലാസ് തുടങ്ങാതെ നമുക്ക് ഒമ്പതാം ക്ലാസിലേക്ക് പോകാൻ കഴിയില്ല. അതുകൊണ്ട് കേരള ഗവൺമെന്റിന്റെ ചെലവിൽത്തന്നെ എട്ടാം ക്ലാസ് ആരംഭിച്ചു. അതിനുശേഷം ഒമ്പതും പത്തും ക്ലാസുകൾ അവിടെ നടത്തുകയാണ്. അവിടെയും എല്ലാ അദ്ധ്യാപകരെയും നിയമിക്കാൻ കഴിഞ്ഞിട്ടില്ല. അഞ്ച് അദ്ധ്യാപകരെ മാത്രമാണ് ആർ.എം.എസ്.എ. അനുവദിക്കുന്നത്. ബാക്കിയുള്ള അദ്ധ്യാപകരുടെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റുതന്നെ അതിന്റെ ചെലവ് വഹിക്കണം. അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റുണ്ടാക്കിയിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്റ്റാഫ് ഫിക്സേഷന്റെ കാര്യങ്ങൾ അന്തിമഘട്ടത്തിലാണ്. ഒന്നുരണ്ട് ആഴ്ചകൾക്കകം അത് പരിപൂർണ്ണമായി നടപ്പിലാക്കാൻ കഴിയും. അതുമായി ബന്ധപ്പെട്ട് ടീച്ചേഴ്സ് ബാങ്കിലുള്ള അദ്ധ്യാപകരേയും അധിക അദ്ധ്യാപകരേയും ഇത്തരം സ്കൂളുകളിലേക്ക് പുനർവിന്യസിക്കുന്നതോടുകൂടി ആ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. സ്കൂളുകളിൽ മറ്റ് ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാർ തന്നെ അതിന്റെ ചെലവും വഹിക്കേണ്ടതായും വരും. അതാത് സമയങ്ങളിൽ വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, തമിഴ് അദ്ധ്യാപകരുടെ കാര്യം എങ്ങനെയാണ് ?

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, സ്റ്റാഫ് ഫിക്സേഷന്റെ കാര്യം വന്നുകഴിയുമ്പോൾ അതും ശരിയാകും.

8. മികച്ച നടിക്കുള്ള അവാർഡ് പുനർനാമകരണം ചെയ്യൽ

ശ്രീമതി ജമീലാ പ്രകാശം : സർ, മലയാളത്തിലെ ആദ്യത്തെ സിനിമ ജെ. സി. ഡാനിയേൽ സംവിധാനം ചെയ്ത വിഗതകുമാരനാണ്. ആ സിനിമയിൽ നായികയുടെ റോളിൽ അഭിനയിച്ചത് പി. കെ. റോസി ആയിരുന്നു. പട്ടികജാതിക്കാരിയായ ഈ നടി മലയാളത്തിലെ ആദ്യ സിനിമയിൽ സവർണ്ണ സമുദായക്കാരിയായ ഒരു നായികാ കഥാപാത്രത്തെ അവതരിപ്പിച്ചു എന്നുള്ള ഒറ്റക്കാരണത്താൽ അനുഭവിക്കേണ്ടി വന്ന പീഡനങ്ങൾ ഇപ്പോൾ സിനിമാചരിത്രത്തിന്റെ ഭാഗമായി തീർന്നിരിക്കുകയാണ്. വിനു എബ്രഹാമിന്റെ നഷ്ടനായിക എന്ന നോവലും അതേത്തുടർന്ന് കമലിന്റെ സെല്ലുലോയ്ഡ് എന്ന സിനിമയും ആദ്യ സിനിമയിലെ നായികയുടെ റോളിൽ അഭിനയിച്ചുവെന്ന ഒറ്റക്കാരണത്താൽ റോസിക്ക് നേരിടേണ്ടിവന്ന പീഡനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly